"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി ഓഫീസറായ ശ്രീമതി.സുഹാന.എൻ., -ന് അനുവദിച്ച ശൂന്യവേതനാവധിയിൽ ഉപയോഗിക്കാത്ത കാലയളവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.724/2024/AGRI തീയതി,തിരുവനന്തപുരം, 01-08-2024

---

പരാമർശം:- 1. സ.ഉ.(സാധാ) നം.895/2023/കൃഷി തീയതി 14/09/2023

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 30/05/2024 ലെ ADFW/9666/2023-SD2 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ പാലക്കാട് ജില്ലയിലെ ആനക്കര കൃഷി ഭവനിൽ കൃഷി ഓഫീസറായി 07/08/2023 ൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി സുഹാന.എൻ -ന് കേരള കാർഷിക സർവ്വകലാശാലയിൽ നിലവിൽ ചെയ്തുകൊണ്ടിരിക്കുന്ന മാസ്റ്റേഴ്സ് ബിരുദം പൂർത്തിയാക്കുന്നതിനായി 08/08/2023 മുതൽ 15/11/2023 വരെ കെ.എസ്.ആർ.ഭാഗം I അനുബന്ധം XII B ലെ വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (1) പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു.

2. എന്നാൽ ടിയാൾ അവധി അനുവദിച്ച തീയതിയ്ക്കു ശേഷമാണ് (16/09/2023) അവധിയിൽ പ്രവേശിച്ചതെന്നും ടിയാന് അനുവദിയ്ക്കപ്പെട്ട ശൂന്യവേതനാവധിയിൽ ഉപയോഗിക്കാത്ത കാലയളവായ 08/08/2023 മുതൽ 15/09/2023 വരെയുള്ള ശൂന്യവേതനാവധി റദ്ദാക്കണമെന്നും പരാമർശം (2) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ ചെയ്യുകയുണ്ടായി. അവധി കഴിഞ്ഞ് ടിയാൾ 15/11/2023 ൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവ് പ്രകാരം ശ്രീമതി.സുഹാന.എൻ-ന് അനുവദിച്ച ശൂന്യവേതനാവധിയിൽ ടിയാൾ ഉപയുക്തമാക്കാത്ത 08/08/2023 മുതൽ 15/09/2023 വരെയുള്ള ശൂന്യവേതനാവധി റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബാലഗോപാൽ കെ കെ

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി.സുഹാന.എൻ (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( **AGRI-EA2/194/2023-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ